# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

എംപ്ലോയബിലിറ്റി സെന്റർ പദ്ധതി

8202 ശ്രീ. പാലോട് രവി
,, ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി യിരിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

വോക്കേഷണൽ ഗൈഡൻസ് പദ്ധതി

8203 ശ്രീ. ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, വി. ഡി. സതീശൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വഴി സംസ്ഥാനത്ത് വോക്കേഷണൽ ഗൈഡൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം പരിപാടികളാണ് പദ്ധതി വഴി സംഘടിപ്പിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വഴി ടെക്നോ സ്കൂൾ പദ്ധതി</u>

8204 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, വി.പി. സജീന്ദ്രൻ
,, എം.പി. വിൻസെന്റ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വഴി സംസ്ഥാനത്ത് ടെക്നോ സ്കൂൾ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിവിധ തൊഴിലുകളിൽ സാങ്കേതിക വൈദഗ്ധ്യം ഉള്ള തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ശരണ്യ പദ്ധതി</u>

8205 ശ്രീ. കെ.വി. വിജയദാസ്

**താഴെ കാണുന്ന ചോദ്യത്തിന്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

ശരണ്യ പദ്ധതി എന്നുമുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>തൊഴിലില്ലായ്മ വേതന വിതരണം</u>

8206 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലില്ലായ്മ വേതനമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിലുറപ്പ് പദ്ധതി വ്യാപകമായ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ ;

(സി) തൊഴിലില്ലായ്മ വേതനം പറ്റുന്നവർ തൊഴിലുറപ്പ് പദ്ധതിയിൽ അംഗമാണോ എന്ന് പരിശോധിക്കാറുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

അൺ എയ്ഡഡ് സ്കൂൾ മേഖലയിലെ ചൂഷണം

8207 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) അൺ എയ്ഡഡ് സ്കൂൾ ടീച്ചർമാരെയും, ജീവനക്കാരെയും ലേബർ ഓഫീസുകളിൽ രജിസ്റ്റർചെയ്യുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) ദിവസക്കൂലി തൊഴിലാളികളുടെ നാലിൽ ഒന്ന് വരുമാനം പോലും ഇല്ലാത്ത പ്രസ്തുത ജീവനക്കാരെ തൊഴിലാളികളായി പരിഗണിക്കാൻ കഴിയുമോ ;

(ഡി) അവരുടെ തൊഴിൽ ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് യു.ഐ.ഡി. കാർഡുകൾ</u>

8208 ശ്രീ. കെ.വി. വിജയദാസ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് യു.ഐ.ഡി. കാർഡുകൾ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) യു.ഐ.ഡി. കാർഡ് നൽകുന്നതിനായി കെൽട്രോൺ മുഖേനയാണോ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരം നൽകുമോ ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് സംസ്ഥാനത്ത് പണിയെടുക്കാൻ യു.ഐ.ഡി. നിർബന്ധ മാക്കുമോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികൾക്ക് യഥാസമയം ചികിത്സാ സൗകര്യവും തൊഴിലിടങ്ങളിൽ സുരക്ഷാ ക്രമീകരണവും

8209 ശ്രീ. പി.സി. ജോർജ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന തൊഴിലാളികൾ മരണമടഞ്ഞിട്ടുണ്ട്;

(ബി) അതിൽ സ്വാഭാവികമരണമെത്ര; അപകടമരണമെത്ര;

(സി) അന്യ സംസ്ഥാനത്തൊഴിലാളികൾക്ക് യഥാസമയം ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ആരോഗ്യവകുപ്പുമുഖേന പ്രത്യേക പദ്ധതി നടപ്പാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ഡി) മരണമടഞ്ഞ അന്യസംസ്ഥാന തൊഴിലാളികകളുടെ ആശ്രിതർക്ക് ഓരോരുത്തർക്കും എത്ര രൂപാ വീതം സമാശ്വാസ തുക നൽകി;

(ഇ) അന്യസംസ്ഥാന തൊഴിലാളികൾ ഫ്ലാറ്റുനിർമ്മാണങ്ങളിലും മറ്റും ഏർപ്പെടുന്ന സ്ഥലത്ത് നിയമപരമായ സുരക്ഷാക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ പരിശോധന നടത്തുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>സ്കാറ്റേർഡ് ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതി</u>

8210 ശ്രീ. ഇ. പി. ജയരാജൻ
,, പി. കെ. ഗുരുദാസൻ
,, കെ. ദാസൻ
,, എം. ഹംസ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സ്കാറ്റേർഡ് ചുമട്ടുതൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നല്കുന്നതിന് എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ സഹായമായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) ക്ഷേമപദ്ധതി ആനുകൂല്യം ലഭിക്കാത്തതുമൂലം തൊഴിലാളികൾ നേരിടുന്ന പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ക്ഷീര കർഷകരെ ഉൾപ്പെടുത്താൻ നടപടി

8211 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ക്ഷീര കർഷകരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം വ്യക്തമാക്കുമോ;

(ബി) ക്ഷീര കർഷകരെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കുടിയേറ്റ തൊഴിലാളി ക്ഷേമനിധി

8212 ശ്രീ. ഇ. ചന്ദ്രശേഖരൻ
" കെ. രാജു
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ.കെ. വിജയൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) സംസ്ഥാനത്ത് അന്യരാജ്യങ്ങളിൽ നിന്നും, അന്യസംസ്ഥാനങ്ങളിൽ നിന്നും ആകെ എത്ര കുടിയേറ്റ തൊഴിലാളികളുണ്ട്; അതിൽ എത്ര തൊഴിലാളികൾ കുടിയേറ്റ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേമ നിധിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ക്ഷേമനിധി ആനുകൂല്യങ്ങൾ ഇതുവരെ എത്ര പേർക്ക് ലഭിച്ചു;

(ഡി) ഏറ്റവും കൂടുതൽ കുടിയേറ്റതൊഴിലാളികളുള്ളത് ഏതു ജില്ലയിലാണ്; കുടിയേറ്റ തൊഴിലാളികൾ പ്രധാനമായും ഏതെല്ലാം രാജ്യങ്ങളിൽ നിന്നും, സംസ്ഥാനങ്ങളിൽ നിന്നും വന്നവരാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

വിവിധ തൊഴിലാളി ക്ഷേമനിധികളിൽ പെൻഷനുകൾ

8213

ശ്രീ. എ. കെ. ബാലൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:**

(എ) വിവിധ തൊഴിലാളി ക്ഷേമനിധികളിൽ പെൻഷന് അർഹതയുള്ള എത്ര തൊഴിലാളികളാണ് ഉള്ളത്; ഇവർക്ക് പെൻഷൻ നൽകാൻ ഒരു വർഷം എത്ര രൂപ ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ;

(ബി) വർദ്ധിപ്പിച്ച പെൻഷന്റെ ആനുകൂല്യം എന്ന് മുതലാണ് ലഭിക്കുന്നത്; നിലവിലെ പെൻഷൻ എത്രയാണ്;

(സി) പെൻഷൻ കുടിശ്ശികയായതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) അടുത്ത ഗഡു പെൻഷൻ എന്നുമുതൽ വിതരണം ചെയ്യും?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി

8214 ശ്രീ. പി. കെ. ഗുരുദാസൻ
" സി. കെ. സദാശിവൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച ഉയർന്ന നിരക്കിലുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ടോ; അതിനായി എത്ര തുക വേണ്ടി വരുമെന്ന കണക്കാക്കിയിട്ടുണ്ടോ; എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) അംശദായമായി നീക്കിവെച്ചിരിക്കുന്ന തുക പര്യാപ്തമാണോ; ഇല്ലെങ്കിൽ മതിയായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം

T8215 ശ്രീ മതി കെ.കെ. ലതിക

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

( എ ) മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുകയും കൃത്യമായി ക്ഷേമനിധി സംഖ്യ അടയ്ക്കുകയും ചെയ്യുന്ന എത്ര ടാക്സി-ഓട്ടോറിക്ഷ തൊഴിലാളികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി ) പ്രസ്തുത ക്ഷേമനിധിയിൽ ഉടമവിഹിതം അടയ്ക്കുന്ന എത്ര ടാക്സി-ഓട്ടോറിക്ഷ ഉടമകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി ) 2013-14 സാമ്പത്തിക വർഷത്തിൽ ടാക്സി-ഓട്ടോ മേഖലയിൽ നിന്നുമായി പ്രസ്തുത ക്ഷേമനിധിയിൽ എത്ര തുക വീതം തൊഴിലാളി വിഹിതമായും തൊഴിലുടമ വിഹിതമായും ലഭിച്ചെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട്

8216 ശ്രീ. ബി. ഡി. ദേവസ്സി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ നഴ്സ്-രോഗി അനുപാതം, ആശുപത്രിയിൽ നഴ്സുമാർക്ക് ഏർപ്പെടുത്തേണ്ട അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയ ശുപാർശകൾ നടപ്പിലാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് നടപടിയെടുക്കാൻ ചുമതലപ്പെടുത്തിയ മന്ത്രിസഭാ ഉപസമിതി ഇതിനായി യോഗം ചേർന്നിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള പ്രവേശന സംവരണ നിയമപ്രകാരം ഓരോ ആശുപത്രിയിലും നഴ്സുമാരുടെ തസ്തികയിൽ 20% പുരുഷ നഴ്സുമാർക്കായി നീക്കിവയ്ക്കണമെന്ന ബലരാമൻ കമ്മിറ്റിയുടെ നിർദ്ദേശം നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പുരുഷ നഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് നിയമന അവസരം നിഷേധിക്കുന്ന സ്വകാര്യ ആശുപത്രി മാനേജ്മെന്റിന്റെ നടപടികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കേരള ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ</u>

8217 ശ്രീ. കെ.എൻ.എ. ഖാദർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:**

(എ) കേരള ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം;

(ബി) എല്ലാ വ്യാപാര സ്ഥാപനങ്ങളും കേരള ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ചാണോ പ്രവർത്തിക്കുന്നത്;

(സി) പ്രസ്തുത നിയമം പാലിക്കാത്ത വ്യാപാര സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ഡി) വ്യാപാരസ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് നിയമമനുസരിച്ച് ലഭിക്കേണ്ട അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് പരിശോധന കർശനമാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) വ്യാപാര സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് തുണിക്കടകളിൽ തൊഴിലാളികൾക്ക് അധിക സമയം ജോലി ചെയ്യേണ്ടി വരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ

8218 ശ്രീ. കെ.എസ്. സലീഖ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമമനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അനുവദനീയ അവധികളോ മറ്റു ആനുകൂല്യങ്ങളോ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരെ പ്രത്യേകിച്ച് വസ്ത്രക്കടകളിൽ സാധനങ്ങൾ വാങ്ങാൻ ആൾക്കാരില്ലാത്തപ്പോഴും ഇരിക്കാൻ അനുവദിക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം;

(ഡി) അതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു;

(ഇ) പ്രസ്തുത ജോലിക്കാർക്ക് ഇരിക്കാനുള്ള സൗകര്യം സ്ഥാപനങ്ങൾ ചെയ്തു കൊടുക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പാചക തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകൾ

T8219 ശ്രീ. വി.എസ്. സുനിൽ കുമാർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പാചക തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികളുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ പണം വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പാചകതൊഴിലാളികളുടെ മിനിമം വേതനത്തിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് തൊഴിൽ നിയമ പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത തൊഴിലാളികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബന്ധപ്പെട്ട സംഘടനാ പ്രതിനിധികളുമായി കൂടിയാലോചിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ സ്വീപ്പർ, ക്ലീനർ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമനം

T8220 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ സ്വീപ്പർ, ക്ലീനർ എന്നീ തസ്തികകളിൽ ഉണ്ടാവുന്ന ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി താൽക്കാലിക നിയമനം നൽകാറുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യാറുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലുണ്ടാകുന്ന പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് 50 വയസ്സ കഴിഞ്ഞവരെ സംസ്ഥാനത്തെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ സ്വീപ്പർ, ക്ലീനർ തസ്തികകളിലേക്ക് പരിഗണിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ</u>

8221 ശ്രീ. ആർ. രാജേഷ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

( എ ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി ) 2014-15-ൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ബോണക്കാട് മഹാവീർ പ്ലാന്റേഷൻ തോട്ടം തൊഴിലാളികളുടെ ശമ്പളം

8222 ശ്രീ. കെ. കെ. ജയചന്ദ്രൻ

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, വി. ശിവൻകുട്ടി

,, എസ്. രാജേന്ദ്രൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നം പരിശോധിച്ചിട്ടുണ്ടോ;

(ബി) ബോണക്കാട്ടെ മഹാവീർ പ്ലാന്റേഷൻ തോട്ടം തൊഴിലാളികൾക്ക് എത്ര കാലത്തെ ശമ്പളം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>നൈപുണ്യം ഇന്റർനാഷണൽ സ്കിൽ പാർക്ക്</u>

8223 ശ്രീ. കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ
,, വർക്കല കഹാർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) നൈപുണ്യം ഇന്റർനാഷണൽ സ്കിൽ പാർക്ക് സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകളാണ് ഇതിന്റെ പ്രവർത്തനത്തിന് വേണ്ടി തെരഞ്ഞെടുത്തിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മരണമടഞ്ഞ കെട്ടിട നിർമ്മാണ തൊഴിലാളി ജിസിൻ എസ്. ജി. യുടെ ആശ്രിതർക്ക് സമാശ്വാസ സഹായങ്ങൾ

8224 ശ്രീ. പുരുഷൻ കടലുണ്ടി

**താഴെ കാണുന്ന ചോദ്യത്തിന്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

മരണമടഞ്ഞ കെട്ടിട നിർമ്മാണ തൊഴിലാളി ജിസിൻ എസ്. ജി, ഓച്ചുമ്മൽ, അവിടനല്ലൂർ പി. ഒ, കോട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ് അംഗത്വ നമ്പർ 11-45146 എന്ന വ്യക്തിയുടെ ആശ്രിതർക്ക് എന്തെല്ലാം സമാശ്വാസ സഹായങ്ങൾക്ക് അർഹതയുണ്ട് എന്നറിയിക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഐ. റ്റി.ഐ. കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

8225 ശ്രീ. ബെന്നി ബെഹനാൻ
" പാലോട് രവി
" സണ്ണി ജോസഫ്
" എം.എ. വാഹീദ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) ഐ.റ്റി.ഐ. കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടെ ഒരുക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>തലശ്ശേരി പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ.</u>

8226 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

( എ ) തലശ്ശേരി മണ്ഡലത്തിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി ) എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി ) പ്രസ്തുത ഐ.ടി.ഐ. എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കണ്ണൂർ വ്യാവസായിക പരിശീലന റീജിയണൽ ജോയിന്റ് ഡയറക്ടർ തസ്തികയിലെ ഒഴിവ് നികത്തൽ</u>

8227 ശ്രീ. കെ. എം. ഷാജി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കണ്ണൂർ വ്യാവസായിക പരിശീലന റീജിയണൽ ഡയറക്ടറേറ്റിൽ ജോയിന്റ് ഡയറക്ടറുടെ ഒഴിവ് നിലവിലുണ്ടോ; എങ്കിൽ ആയത് നിർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഓഫീസിൽ ജോയിന്റ് ഡയറക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമല്ലാത്തതിനാൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്നുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ

8228 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ആർ. സെൽവരാജ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാം ശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്കും ഫാക്ടറി മാനേജ്മെന്റിനും ഇത് വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?